യന്ത്രസാമഗ്രികൾക്ക് ഇതിനകം വാറണ്ടി കാലം കഴിഞ്ഞിട്ടുള്ളതിനാൽ കമ്പനിയുടെ വാർഷിക പരിപാലന കരാറിൽ ഏർപ്പെടേണ്ടതാണ്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ നിലവിലെ സർക്കാർ ഉത്തരവുകളും, സർക്കുലറുകളും അനുസരിച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് അനുവദനീയമായ രീതിയിലും അളവിലും ഉപയോഗിക്കേണ്ടതാണ്.

**<u>ക്ലീൻ കേരള കമ്പനിയുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും</u>**

1. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് സർക്കാർ ഉത്തരവിന് വിധേയമായി മാലിന്യ ശേഖരണ, സംഭരണ, സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമസേനകൾ ശേഖരിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ തരംതിരിച്ചുവയ്ക്കുന്ന പുന:ചക്രമണയോഗ്യമായ പാഴ്വസ്തുക്കൾ വിപണി നിരക്കിൽ പ്രതിഫലം നൽകി ശേഖരിക്കുന്നതിനുള്ള നടപടികൾ ക്ലീൻ കേരള കമ്പനി സ്വീകരിക്കേണ്ടതാണ്. പാഴ്വസ്തുക്കൾക്ക് നൽകാൻ കഴിയുന്ന വില ക്ലീൻകേരള കമ്പനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാലേകൂട്ടി അറിയിക്കേണ്ടതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യം കൈയ്യൊഴിയുന്നതിന് ചെലവഴിക്കുന്ന തുക ലാഭിക്കാൻ കഴിയും.
3. തരംതിരിച്ച പുന:ചംക്രമണ യോഗ്യമായ പാഴ്വസ്തുക്കളുടെയും, പുന:ചംക്രമണ യോഗ്യമല്ലാത്ത പാഴ്വസ്തുക്കളുടെയും പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, ഹരിതകർമസേന സംരംഭക ഗ്രൂപ്പിനും നൽകേണ്ടതാണ്. പുന:ചംക്രമണ യോഗ്യമായ പാഴ്വസ്തുക്കൾക്ക് നൽകാൻ കഴിയുന്ന വില തദ്ദേശസ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. പുന:ചംക്രമണ യോഗ്യമല്ലാത്തതും തരംതിരിക്കാത്തതുമായ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള തുക നിലവിലെ സർക്കാർ ഉത്തരവുകൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.
4. നിലവിൽ ലഭ്യമായിട്ടുള്ള മാലിന്യ സംസ്കരണ പുന:ചംക്രമണ സംവിധാനം ഉപയോഗിച്ച് ക്ലീൻ കേരള കമ്പനി അജൈവമാലിന്യ സംസ്കരണം നടത്തേണ്ടതാണ്.
5. പഞ്ചായത്ത്/നഗരസഭയുടെ എം.സി.എഫ്.-ൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനോ പുന:ചംക്രമണം നടത്തുന്നതിനോ ഉള്ള സംവിധാനങ്ങൾ ക്ലീൻ കേരള കമ്പനി ഒരുക്കേണ്ടതാണ്.
6. പുന:ചക്രമണയോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ട ചുമതല ക്ലീൻ കേരള കമ്പനിക്കായിരിക്കും.
7. മാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം ക്ലീൻ കേരള കമ്പനി ഹരിതകർമസേനകൾക്ക് നൽകേണ്ടതാണ്. ഇതിനായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സാങ്കേതിക, സാമ്പത്തിക സഹകരണം ഉണ്ടാകേണ്ടതാണ്.
8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ മാലിന്യം ശേഖരിക്കുനതിനുള്ള മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കി ക്ലീൻ കേരള കമ്പനി നൽകേണ്ടതാണ്. വീട്ടുകൾ,

സ്ഥാപങ്ങൾ എന്നിവടങ്ങളിൽ നിന്നുമുള്ള ശേഖരണരീതി, സംഭരണം, കൈയ്യൊഴിയൽ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ഉൾപ്പെടെ കലണ്ടർ തയ്യാറാക്കേണ്ടതാണ്. കലണ്ടർ, തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ക്ലീൻകേരള കമ്പനി വയ്ക്കുന്ന കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഹരിതകർമ്മസേന പാഴ്വസ്തു ശേഖരണം നടത്തുന്നതിനുള്ള കലണ്ടർ

ഹരിതകർമ്മസേന വീടുകളിൽ നിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രമീകരണം നടത്തുന്നതിന് താഴെപ്പറയുന്ന കലണ്ടർ ഉപയോഗപ്പെടുത്തണം.

- എല്ലാ മാസവും ശേഖരിക്കുന്ന പാഴ്വസ്തുക്കൾവീടുകളിൽ നിത്യജീവിതത്തിന്റെ ഭാഗമായി ഉല്പ്പാദിപ്പിക്കുന്ന എല്ലാ അജൈവമാലിന്യങ്ങളും എല്ലാ മാസവും ശേഖരിക്കേണ്ടതാണ്. ഉദാഹരണം: ന്യൂസ് പേപ്പർ, പാൽകവർ, കടകളിൽ നിന്നും ലഭിക്കുന്ന പാക്കേജിംഗ് കവറുകൾ, ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റിൻറെ ഒഴിഞ്ഞ കവറുകൾ (പുറം കവർ ഉൾപ്പെടെ) ഒഴിഞ്ഞ എണ്ണ കവർ, പലവ്യഞ്ജന സാധനങ്ങൾ ലഭ്യമാകുന്ന കാലി കവറുകൾ (അരി, പഞ്ചസാര, ഉപ്പ്, മുളക് മുതലായവ) എന്നിവ. എല്ലാവിധ പ്ലാസ്റ്റിക് മാലിന്യങ്ങളും വൃത്തിയാക്കിയതും ഈർപ്പമില്ലാത്തതുമായിരിക്കണം.
- പഴയ ചെരുപ്പ്, ബാഗ്
  ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ ശേഖരിക്കും.
- കണ്ണാടി, കുപ്പി, ചില്ലു മാലിന്യങ്ങൾ
  ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ മാസങ്ങളിൽ ശേഖരിക്കും.
- ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സിഎഫ്എൽ, ബാറ്ററി ഉൾപ്പെടെ)

  മാർച്ച്, ജൂൺ, ഡിസംബർ മാസങ്ങളിൽ ശേഖരിക്കും.

- മരുന്ന് സ്ട്രിപ്പുകൾ
  ജനുവരി, മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ശേഖരിക്കും.
- ചിരട്ട, തൊണ്ട് (നഗര പ്രദേശങ്ങളിൽ)
  ജനുവരി, ജൂലൈ മാസങ്ങളിൽ ശേഖരിക്കും.
- തുണി മാലിന്യം
  ഏപ്രിൽ, സെപ്റ്റംബർ മാസങ്ങളിൽ ശേഖരിക്കും.

  - കലണ്ടർ പ്രകാരം അജൈവമാലിന്യം ശേഖരിക്കുമ്പോൾ നഗരസഭകളിൽ എല്ലാ വാർഡുകളിലും ഗ്രാമ പ്രദേശങ്ങളിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിൽ വരുന്ന എല്ലാ പഞ്ചായത്തു പ്രദേശങ്ങളിലും ഒരുപോലെ നടപ്പാക്കണം. ഇപ്രകാരം ശേഖരിക്കുന്ന വസ്തുക്കൾ ക്ലീൻ കേരള കമ്പനി കാലതാമസം കൂടാതെ എം.സി.എഫ്/ആർ.ആർ.എഫിൽ നിന്നും നീക്കം ചെയ്യണം. പുന:ചംക്രമണ യോഗ്യമല്ലാത്തവയ്ക്ക് നിശ്ചിത നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തുക അനുവദിച്ച് നൽകണം.

9.മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ തരംതിരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ

